

# നമ്മുടെ രാഷ്ട്രപതിയുടെ യു.എ.ഇ. സന്ദർശനം

**ക**ഴിഞ്ഞമാസം 23-ാം തീയതി ആദരണീയയായ ഇന്ത്യൻ രാഷ്ട്രപതി ശ്രീമതി പ്രതിഭാപാട്ടീലിന്റെ യു.എ.ഇ. സന്ദർശനത്തിനോടനുബന്ധിച്ച് രാഷ്ട്രപതിയോടുള്ള ബഹുമാനസൂചകമായി നടത്തിയ അത്താഴവിരുന്നിൽ രാഷ്ട്രപതിയുടെ പേഴ്സണൽ സ്റ്റാഫിലെ ഏറ്റവും സീനിയറായ ഉദ്യോഗസ്ഥരിൽ ഒരാളോടൊപ്പം ഭക്ഷണം കഴിക്കാൻ കഴിഞ്ഞത് ഒരു ഭാഗ്യമായി ഞാൻ കരുതുന്നു. ഒരുപക്ഷേ, അങ്ങനെയൊരവസരം ലഭിച്ചത് ഈശ്വരനിശ്ചയമാകാം.

ഭക്ഷണത്തിനിടയ്ക്ക് അദ്ദേഹം യു.എ.ഇ.യിലെ പൊതുപ്രവണതകൾ, സാമ്പത്തിക വളർച്ച, വർത്തമാനകാല സ്ഥിതിഗതികൾ, മൊത്തത്തിലുള്ള എന്റെ യു.എ.ഇ. ജീവിതാനുഭവങ്ങൾ, വ്യവസായസംരംഭങ്ങൾ, അവയുമായി ബന്ധപ്പെട്ട അനുഭവങ്ങൾ എന്നിവയെപ്പറ്റി ആരാഞ്ഞു. എന്റെ ഗ്രൂപ്പിലെ ഏറ്റവും ഉൽകൃഷ്ടമായ ഡിവിഷനായ 'മുരളിയാ ഫൗണ്ടേഷ'ന്റെ ജീവകാരുണ്യ-സാമൂഹ്യക്ഷേമ പദ്ധതികളെപ്പറ്റിയായി പിന്നീടുള്ള ചർച്ച. ഒരേ ചിന്താഗതിയുള്ളതിനാലാകാം അദ്ദേഹം ആ വിവരണം നന്നായി ആസ്വദിച്ചു. ഈ മാനവസേവനപ്രവർത്തനങ്ങളിൽ ആകർഷണീയനായ അദ്ദേഹം ഫൗണ്ടേഷന്റെ പ്രവർത്തനത്തിൽ സന്തുഷ്ടി പ്രകടിപ്പിച്ചു.

"മാഡം പ്രസിഡന്റിനോടൊപ്പം താങ്കളുടെ ഈ അനുഭവം പങ്കുവയ്ക്കുവാൻ ആഗ്രഹമുണ്ടോ?" പിരിയാൻനേരം പൊടുന്നനെയുള്ള അദ്ദേഹത്തിന്റെ ചോദ്യം എന്നെ അത്ഭുതപ്പെടുത്തി. പിന്നീടെനിക്കു തോന്നി, അദ്ദേഹം ഒരു തമാശപറഞ്ഞതായിരിക്കും. ഏതായാലും ഓർക്കാതെ, സമ്മതമാണെന്ന് അറിയിച്ചു.

അടുത്തദിവസം രാവിലെ അദ്ദേഹത്തിന്റെ ഫോൺ വന്നു. "മിസ്റ്റർ മുരളീധരൻ, ദുബായിലെ 'ഗ്രാന്റ് ഹയാത്ത്' ഹോട്ടലിൽ നാളെ രാവിലെ 7 മണിക്ക് താങ്കൾക്ക് മാഡം പ്രസിഡന്റിനെ കാണാം" എന്ന്. എന്നിൽ ആദ്യമുണ്ടായ ആവേശം ചിന്താക്കുഴപ്പത്തിനും ആശങ്കയ്ക്കും വഴിമാറി. പ്രസിഡന്റ് താമസിക്കുന്ന കൊട്ടാരസദൃശ്യമായ പ്രസിഡൻഷ്യൽ സ്യൂട്ടിൽ ഞാനെത്തി. ഞാൻ സ്വയം പരിചയപ്പെടുത്തി. മാഡം എന്നോട് ഇരിക്കുവാൻ പറഞ്ഞു. "36 വർഷമായി യു.എ.ഇ. യിൽ വന്നിട്ട്. ഹോസ്പിറ്റാലിറ്റി ഇൻഡസ്ട്രി നടത്തുന്നു" എന്നു ഞാൻ മെല്ലെ പറഞ്ഞു. "താങ്കളെ കണ്ടിട്ട് അങ്ങനെ തോന്നിയില്ലല്ലോ?" എന്നായിരുന്നു മാഡം പ്രസിഡന്റിന്റെ പെട്ടെന്നുണ്ടായ പ്രതികരണം. അതെനിക്ക് ആശ്വാസം പകർന്നു. ഞാൻ പറയുന്നതിനെ അധികരിച്ചു മാഡം എന്നോട് ചോദ്യങ്ങൾ ചോദിച്ചുതുടങ്ങി. നിരവധി മാറ്റങ്ങൾക്ക് വിധേയമായ വർത്തമാനകാലത്ത് അവിടെ തൊഴിൽ ചെയ്യുന്ന ഭാരതീയരുടെ ജീവിതസാഹചര്യങ്ങൾ, തൊഴിലവസരങ്ങൾ, സുരക്ഷ, ക്ഷേമം, മടങ്ങി നാട്ടിലേക്കുപോകുന്ന പ്രവാസികളുടെ ക്ഷേമം തുടങ്ങി ഗൾഫിലെ ഭാരതീയ സാമൂഹ്യ, സാമ്പത്തിക ഭദ്രതയൊക്കെ ആ ചോദ്യങ്ങളിൽ നിഴലിച്ചിരുന്നു. സ്നേഹ വാത്സല്യങ്ങൾ നിറഞ്ഞ ആ അന്വേഷണം ഒരു മാതൃനിർവ്വിശേഷമായ ഉത്കണ്ഠ നിറഞ്ഞതായിരുന്നു. മുരളിയാ ഫൗണ്ടേഷൻ നടത്തുന്ന ജീവകാരുണ്യ, ആരോഗ്യക്ഷേമ, വിദ്യാഭ്യാസവികസന, പൊതുവികസന പരിപാടികളെപ്പറ്റി ഞാൻ ചുരുക്കിപ്പറഞ്ഞത് മാഡം വളരെ ശ്രദ്ധാപൂർവ്വം ശ്രവിച്ചു. ഫൗണ്ടേഷനുമായി ബന്ധപ്പെടുന്ന ഗുണഭോക്താക്കൾക്കും പ്രസ്ഥാനങ്ങൾക്കും എല്ലാ ആശംസകളും നന്മകളും മാഡം ആശംസിച്ചു.



> "പ്രസിഡന്റ് ശ്രീമതി പ്രതിഭാപാട്ടീലിനെ ആദ്യമായിട്ടാണ് ഞാൻ നേരിൽ കാണുന്നത്. നിറഞ്ഞ പുഞ്ചിരിയോടെ, വളരെ പ്രസാദാത്മകമായ മുഖശ്രീയോടെ കൂപ്പുകൈകളുമായി കടന്നുവരുന്ന പ്രസിഡന്റിന്റെ ചിത്രം ഇപ്പോഴും എന്റെ മനസ്സിലുണ്ട്. മഹാകവി വള്ളത്തോൾ തന്റെ കവിതയിൽ വരച്ചുവച്ച ഭാരതാംബയുടെ ചിത്രം ആ മുഖത്ത് ദർശിക്കാം."

പ്രസിഡന്റ് ശ്രീമതി പ്രതിഭാപാട്ടീലിനെ ആദ്യമായിട്ടാണ് ഞാൻ നേരിൽ കാണുന്നത്. നിറഞ്ഞ പുഞ്ചിരിയോടെ, വളരെ പ്രസാദാത്മകമായ മുഖശ്രീയോടെ കൂപ്പുകൈകളുമായി കടന്നുവരുന്ന പ്രസിഡന്റിന്റെ ചിത്രം ഇപ്പോഴും എന്റെ മനസ്സിലുണ്ട്. മഹാകവി വള്ളത്തോൾ തന്റെ കവിതയിൽ വരച്ചുവച്ച ഭാരതാംബയുടെ ചിത്രം (ഭാരതസ്ത്രീകൾതൻ ഭാവശുദ്ധി) ആ മുഖത്ത് ദർശിക്കാം. ആ കുലീനതയും വിനയവും ലാളിത്യവുമൊക്കെ വളരെ ആകർഷണീയമാണ്. മുൻ പ്രധാനമന്ത്രിയായിരുന്ന ലോകപ്രശസ്ത ഭരണതന്ത്രജ്ഞയായ ശ്രീമതി ഇന്ദിരാഗാന്ധിക്കുശേഷം ഭാരതം അഭിമാനപൂർവ്വം തങ്ങളുടെ 115 കോടി ജനങ്ങളുടെ പ്രതിനിധിയായി, ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യരാഷ്ട്രത്തിലെ സാരഥിയായി, നയതന്ത്രമേഖലയ്ക്ക് സംഭാവന ചെയ്ത ശ്രീമതി പ്രതിഭാപാട്ടീൽ തികച്ചും അനുയോജ്യവ്യക്തിയാണ്.

പ്രസിഡന്റ് യു.എ.ഇ.യിൽ നടത്തിയ പത്രസമ്മേളനവും, വിവിധ വേദികളിലെ പ്രസംഗങ്ങളുമൊക്കെ ഇന്ത്യയുടെ യശസ്സ് അന്തർദേശീയതലത്തിലും, നയതന്ത്രജ്ഞമേഖലയിലും ഉയർത്തിപ്പിടിക്കാവുന്നതായിരുന്നു എന്നാണ് എന്റെ നിരീക്ഷണം. തന്റെ പ്രസംഗത്തിൽ മാഡം, അറബിരാജ്യങ്ങളും ഭാരതവും തമ്മിലുണ്ടായിരുന്ന ചരിത്രാതീതകാലം മുതലുള്ള വാണിജ്യ, കയറ്റുമതി-ഇറക്കുമതി ബന്ധങ്ങൾ, കല, സാംസ്ക്കാരം, ഭാഷ, സംഗീതം തുടങ്ങിയ മേഖലയിലെ മഹത്തായ ബന്ധങ്ങൾ, സമ്പർക്കങ്ങൾ ഒക്കെ അവർ അനുസ്മരിച്ചു.

മതസൗഹാർദ്ദം പ്രചരിപ്പിക്കുന്നതിലും അന്യമതങ്ങളെ ബഹുമാനിക്കുന്നതിലും, ഇന്ത്യക്കും യു.എ.ഇ.യ്ക്കും പൊതുനയമാണ്. യു.എ.ഇ. ഭരണാധികാരികൾ ഇന്ത്യൻ വംശജരായ പ്രവാസികളോടും അവരുടെ മതവിശ്വാസങ്ങളോടും എന്നും വിശാലമനസ്സോടെയാണ് പെരുമാറിയിട്ടുള്ളതെന്നും ഇന്ത്യക്കാർ യു.എ.ഇ.യുടെ വികസനത്തിൽ വളരെ ആത്മാർത്ഥതയോടെയും പ്രതിബദ്ധതയോടെയുമാണ് പ്രവർത്തിക്കുന്നതെന്നും രാഷ്ട്രപതി വിവിധകേന്ദ്രങ്ങളിലെ തന്റെ പ്രസംഗത്തിൽ അനുസ്മരിച്ചു.

മാഡം പ്രസിഡന്റിന്റെ ആദ്യസന്ദർശനമാണിത്. രാഷ്ട്രീയ നയതന്ത്രജ്ഞതയിൽ യു.എ.ഇ.യും ഇന്ത്യയും തമ്മിൽ വളരെ ഉദാത്തമായ സൗഹൃദമാണ് നിലനിന്നുവരുന്നത്. യു.എ.ഇ.യുടെ രാഷ്ട്രപിതാവും സ്ഥാപകനുമായ ഹിസ് ഹൈനസ് ഷെയ്ക്ക് സയ്യദ് ബിൻ സുൽത്താൻ അൽ നഹ്യാന്റെ 1975 ലെയും 1992 ലെയും ഇന്ത്യാസന്ദർശനം രാഷ്ട്രപതി ഓർമ്മിപ്പിച്ചു. അതുപോലെ ദിവംഗതയായ നമ്മുടെ പ്രധാനമന്ത്രിയായിരുന്ന ശ്രീമതി ഇന്ദിരാഗാന്ധി 1981 ൽ യു.എ.ഇ. സന്ദർശിച്ചത് ഒരു ചരിത്രസംഭവമാണ്. പിന്നീട് 2003 ൽ പ്രസിഡന്റായിരുന്ന, ലോകം കണ്ട പ്രതിഭാശാലിയും ശാസ്ത്രജ്ഞനുമായ ഡോ. അബ്ദുൾകലാമിന്റെ യു.എ.ഇ. സന്ദർശനവും വിജയകരമായിരുന്നു.

ഗൾഫ് രാജ്യത്താകെ 55 ലക്ഷം ഭാരതീയർ ജോലിചെയ്യുന്നു. അതിൽ 17.5 ലക്ഷം ഇന്ത്യക്കാർ യു.എ.ഇ.യിൽ മാത്രം ജോലിചെയ്യുന്നവരാണ്.

യു.എ.ഇ.യിലെ 17.5 ലക്ഷം വരുന്ന ഇന്ത്യൻ തൊഴിലാളി സമൂഹത്തിന് 24 മണിക്കൂറും സേവനം നൽകുന്നതിന് ഒരു ക്ഷേമകേന്ദ്രം (Resource Centre) മാഡം പ്രസിഡന്റ് ഉദ്ഘാടനം ചെയ്തു. ഈ കേന്ദ്രത്തിൽ ഹെൽപ്പ്ലൈൻ, കൗൺസിലിംഗ് സെന്റർ തുടങ്ങിയ സേവനം വഴി തൊഴിലാളികളുടെ വിവിധ പ്രശ്നങ്ങൾ, മറ്റു ക്ലേശങ്ങളൊക്കെ പരിഹരിക്കാനാകും.

അബുദാബിയിലും ദുബായിലും നമ്മുടെ പ്രസിഡന്റ് നടത്തിയ സന്ദർശനത്തിലും, അവർ പങ്കെടുത്ത വിവിധ യോഗങ്ങളുടെ അടിസ്ഥാനത്തിലും പുതിയ വ്യവസായസംരംഭകരെ ഇന്ത്യയിലേക്ക് ആകർഷിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഒരു പരിധിവരെ ഇന്ത്യയിലേക്ക് വൻതോതിൽ നിക്ഷേപസാധ്യത എത്തുമെന്നും ഞാൻ കരുതുന്നു. യു.എ.ഇ.യിലെ ഇന്ത്യൻ പ്രവാസിസമൂഹത്തിൽ ഭരണാധികാരികൾ നൽകുന്ന സൗകര്യങ്ങൾക്കും സഹായങ്ങൾക്കും ഭാരതത്തിനുവേണ്ടി രാഷ്ട്രപതി നന്ദിപറഞ്ഞു.

മാഡം രാഷ്ട്രപതിയുടെ സന്ദർശനം ഞങ്ങൾ പ്രവാസിഭാരതീയർക്ക് ഏറെ ആത്മവിശ്വാസം പകരുന്നതായിരുന്നു. ഇന്തോ-യു.എ.ഇ. നയന്ത്രബന്ധം കൂറേക്കൂടി സുദൃഢമാക്കുന്നതിനും ഇത് ഉപകരിച്ചു എന്നും ഞാൻ കരുതുന്നു. ●

**കെ. മുരളീധരൻ**

ചെയർമാൻ, ഗാന്ധിഭവൻ ആഗോള ജീവകാരുണ്യകുടുംബം